# ചിന്ത, ഭാഷ, സാഹിത്യം: ജീവിതത്തിൽ

**ഡോ.ഇ.എസ്. റഷീദ്**

അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, മഹാരാജാസ് കോളേജ്, എറണാകുളം.

മനുഷ്യനെ ഹോമോസാപ്പിയൻസ് അഥവാ ചിന്തിക്കുന്ന മൃഗം എന്നാണ് ശാസ്ത്രം വിശേഷിപ്പിക്കുന്നത്. അക്ഷരോച്ചാരണത്തോടുകൂടിയ ഭാഷ സംസാരിക്കുകയും ഉപകരണങ്ങളുണ്ടാക്കി ഉപയോഗിക്കുകയും ചെയ്യുന്നവനാണ് ഹോമോസാപ്പിയൻസ്. ചിന്തിക്കുന്ന ഈ മൃഗത്തിന്റെ സർഗാത്മകവളർച്ചയ്ക്ക് നിദാനമായ ഭാഷയും സാഹിത്യവും ജീവിതത്തെ സൗന്ദര്യാത്മകമായി നവീകരിക്കാൻ ഉപയുക്തമാണ്.

മനുഷ്യനുലഭിച്ച മൗലികസിദ്ധിയായ ഭാഷയിലൂടെ ആശയത്തെ നേരായും മറച്ചുവെച്ചും വിനിമയംചെയ്യാൻ കഴിയുന്നു. ഈയൊരു അടിസ്ഥാനസാധ്യത തിരിച്ചറിഞ്ഞ് മനുഷ്യന്റെ ക്രിയാത്മകപ്രവർത്തനങ്ങൾക്ക് പ്രചോദനമേകാൻ നേരായ ആശയവിനിമയസ്വരൂപത്തെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ ഒട്ടാകെയും അതിൽ ഉൾപ്പെട്ട എല്ലാ വ്യക്തികളുടേയും സജീവമായ പരസ്പരപ്രവർത്തനങ്ങളുടെ അഭേദ്യമായ ഐക്യത്തിലാണ്, മൂർത്തമായ പരസ്പരപ്രവർത്തനങ്ങളിലാണ്, വ്യക്തിഗതഭാഷണധർമ്മമെന്നനിലയ്ക്ക് മൊഴിയും, എല്ലാ മനുഷ്യരുടേയും സമ്പർക്കോപാധിയെന്ന നിലയ്ക്ക് ഭാഷയും രൂപമെടുക്കുന്നത്.[1] ഇവിടെ മനുഷ്യന്റെ കൂട്ടായ്മ എന്ന യാഥാർത്ഥ്യം രൂപപ്പെടുന്നത് സമൂഹത്തിലാണ് എന്ന വസ്തുത ഭാഷയുടെ ഉല്പത്തിയുമായി ബന്ധപ്പെട്ടുനിൽക്കുന്നു. അതുകൊണ്ടുതന്നെ ഭാഷാശാസ്ത്രജ്ഞനായ ചോംസ്കി നിരീക്ഷിക്കുന്നത് മനുഷ്യബുദ്ധിയുടെ ധർമ്മങ്ങളിലൊന്ന്, ഭാഷ മനുഷ്യന്റെ കണ്ണാടി, ഓരോ വ്യക്തിയിലും ഭാഷ പുതുതായി സൃഷ്ടിക്കപ്പെടുന്ന

1. അലക്സിയേവ് വി.പി., മനുഷ്യൻ യുഗങ്ങളിലൂടെ (പ്രോഗ്രസ് പബ്ലിഷേഴ്സ്, മോസ്കോ, 1989), പു.198.

എന്നാണ്.[2] ഭാഷയുടെ നിലനിൽപ്പിന്നാധാരം ചിന്തയാണ്. മനുഷ്യചിന്തയെന്നത് മനുഷ്യമനസ്സെന്ന പ്രതിഭാസം തന്നെ. മനുഷ്യമനോഘടനയെ മനുഷ്യസാകല്യത്തിന്റെ ആരംഭബിന്ദുവായി ഗണിക്കാം. മനുഷ്യചിന്തയുടെ ബഹിർസ്ഫുരണം ഭാഷയിലൂടെയും ചിന്തയിലൂടെയും മനുഷ്യൻ ആശയങ്ങളെ സ്വാംശീകരിക്കുന്നത്. ഇത് താളാത്മകമായി വിന്യസിക്കുവാൻ മനുഷ്യന്റെ സഹിതഭാവങ്ങൾക്ക് കഴിയുന്നു. ഭാഷയിലൂടെയും സാഹിത്യത്തിനുള്ള സ്ഥാനം ജീവിതത്തിൽ ഇപ്രകാരമാണ്.

അസീമമായ ജീവിതത്തിന്റെ വിചിത്രഭാവങ്ങളെ മുഴുവൻ ആശ്ലേഷിച്ചൊതുക്കുവാൻ പോന്നവണ്ണം വിശാലവക്ഷസ്സാണ് സാഹിത്യകല. ഈ മാഹാത്മ്യം മറ്റുകലകൾക്കൊന്നുമില്ല.[3] ജീവിതത്തിലെ എല്ലാ വിചിത്രാവസ്ഥകൾക്കും രൂപാവിഷ്കാരം നടത്താൻ കെല്പുള്ള ഒരു ദർശനഭാഷ സ്വായത്തമായ ഒരെഴുത്തുകാരന് ജീവിതമെന്ന മഹാപ്രസ്ഥാനത്തെ നയിക്കാൻ എന്നും കെല്പുണ്ടായിരിക്കും.

സുകുമാർ അഴീക്കോട് സാഹിത്യത്തെ ദർശനമായി നിരീക്ഷിക്കുമ്പോൾ[4] സർഗാത്മകതയുടെ ദ്വൈതാദ്വൈതമായി അത് പരിണമിക്കുകയാണ്. ഭാഷയിലൂടെ സർഗാത്മകാവിഷ്കാരങ്ങൾ നടത്താൻ കഴിയുമ്പോൾ തീർച്ചയായും ആ ഭാഷതന്നെ സർഗാത്മകമാകും. വിദ്യാഭ്യാസ വിചക്ഷണനായ പൗലോഫ്രെയർ ഇങ്ങനെ വിലയിരുത്തുന്നു. പരിമിതി ഇല്ലാത്തവർ എന്ന രീതിയിൽ മനുഷ്യർക്കുമാത്രമേ തങ്ങളുടെ ലോകത്തെ മാറ്റിത്തീർക്കുകയും സർഗാത്മകഭാഷയിലൂടെ പ്രകാശിപ്പിക്കുകയും ചെയ്യുക എന്ന സങ്കീർണ്ണവ്യാപാരത്തിൽ ഒരേസമയം ഏർപ്പെടാനാവൂ.[5]

മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ആത്മാവിഷ്കാരങ്ങളുടെ ചരിത്രഗതിവിഗതികളെ പഠിക്കുമ്പോൾ ഭാഷയിലധിഷ്ഠിതമായ കലയും ശാസ്ത്രവും ജീവിതോന്മുഖമാണ്.

### അനുഭവത്തിൽ പരിനിഷ്ഠിതമായ നിർവചനങ്ങൾ

യുക്തിയുടേയും നീതിയുടേയും സ്വാതന്ത്ര്യത്തിന്റേയും ശാസ്ത്രീയ ചൈതന്യം ആവാഹിച്ച് മനുഷ്യാനുഭവങ്ങളെ പൂർണമാക്കാവുന്ന

2. വേണുഗോപാലപണിക്കർ, നോംചോസ്കി-20-ാം നൂറ്റാണ്ടിന്റെ ശിൽപികൾ (വിശ്വദർശനപ്രസിദ്ധീകരണം, 1987), പു.77.
3. അച്യുതൻ എം. വിമർശലോചനം (മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1987), പു.20.
4. സുകുമാർ അഴീക്കോട്. ഭാരതീയ (ഡി.സി. ബുക്സ്, കോട്ടയം, 1993), പു.55.
5. ഫ്രെയർ പൗലോ, സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനം. വിവ: സോമൻ എം., രവീന്ദ്രൻ എൻ.കെ.(ഡയലോഗ് ബുക്സ്, കോട്ടയം, 1989), പു.53-4.

തലങ്ങളിലേയ്ക്ക് മാനവികവിഷയങ്ങളിന്ന് എത്തിച്ചേർന്നിരിക്കുന്നു. സാഹിത്യം പരിനിഷ്ഠതലത്തിലേക്കെത്തിച്ചേരുന്നത് അതിന്റെ മാനവികമുഖം മൂല്യവത്താകുമ്പോഴാണ്. ജീവിതാനുഭൂതികളുടെ സർഗോല്പന്നം എന്ന നിലയിൽ സാഹിത്യത്തിന്റെ മൂല്യനിർദ്ധാരണത്തിന് ജീവിതത്തിന്റെതന്നെ മൂല്യങ്ങൾ അടിസ്ഥാനമാവാതെ വയ്യ.[6] സാഹിത്യനിരൂപകനായ ടി.ടി.പ്രഭാകരൻ ജീവിതമൂല്യങ്ങളുടെ നിർദ്ധാരണം നടത്തുമ്പോൾ സമഗ്രമായ ഒരു ജീവിതദർശനത്തിന് അതു ബലമാകുന്നു. പ്രപഞ്ചവിജ്ഞാനപരമായ അന്വേഷണങ്ങൾ, സ്വത്വാന്വേഷണങ്ങൾ, മനസ്സിന്റെ തത്ത്വശാസ്ത്രം, ജ്ഞാനമീമാംസ ഉപരി ഉൽകൃഷ്ടജീവിതമൂല്യങ്ങൾ മുതലായ കൃത്യമായ നിർവ്വചനസ്വരൂപങ്ങൾ സമഗ്രമായ ഒരു ജീവിതദർശനത്തിന് ആവശ്യമാണ്. മനുഷ്യന്റെ ഏതൊരു സാഹിത്യരചനയിലും പൂർണത നിറഞ്ഞ അനുഭവവീര്യം വേണം. ജീവിതപൂർണത കാലത്തിലൂടെ ബന്ധിപ്പിക്കുന്നു. ഡോ.എസ്.രാധാകൃഷ്ണൻ എഴുത്തുകാരന്റെ കർത്തവ്യത്തെക്കുറിച്ച് കാലസഹിതമായി പറയുന്നുണ്ട്.[7] കൃതികൾ കാലാതീതമോ കാലരഹിതമോ ആകാതെ ചരിത്രത്തിൽ സംഭവിക്കുന്നത് പൂർണത നിറഞ്ഞ അനുഭവങ്ങളാലാണ്.

മഹത്തായ സംസ്കാരങ്ങളുടെ സ്രഷ്ടാവായ, ഭൂമിയിലെ സർവ്വ ഐശ്വര്യങ്ങളുടേയും സമ്പത്തിന്റേയും ഉടമയായ മനുഷ്യൻ ആർജിച്ച അനുഭവവീര്യം മനുഷ്യനെ മനുഷ്യനാക്കി കഥപറയുന്നു. മനുഷ്യന്റെ ഏറ്റവും അഗാധമായ വാസനകളിലൊന്നാണ് കഥാകൗതുകം. ജീവിതത്തിന്റെ ഏതാനും അടിസ്ഥാനവാസനകളുടെ പൂരണോപാധിയാണ് കഥാകൗതുകം.[8] കഥാകൗതുകത്തിൽ മൗലികമായ ഒന്ന് ചരിത്രാന്വേഷണമാണ്. ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്കുപോകുമ്പോൾ വിമർശകനായ ഇ.എം. ഫോസ്റ്റർ, നോവലിന്റെ രീതിശാസ്ത്രത്തെ വിലയിരുത്തുന്ന ഘട്ടത്തിൽ, ജനതയെക്കുറിച്ച് ഇങ്ങനെപറയുന്നു. അനുഭവങ്ങളിൽ നമുക്കു ലഭിക്കുന്ന ജിജ്ഞാസ (ആകാംക്ഷ) ജീവിതകാമനയായി മൂല്യാധിഷ്ഠിതമായി മാറുന്നു. മനുഷ്യനെ മൃഗങ്ങളിൽനിന്ന് വേർതിരിക്കുന്ന അവന്റെ/

6. പ്രഭാകരൻ.ടി.ടി. സാഹിത്യസിദ്ധാന്തചർച്ച(കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998), പു. 73.

7. 'It is the duty of the writer to create the past, reflect the present and mould the future'. ജോർജ്ജ് കെ.എം., ഡോ. സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1983), പു.5.

8. സുരേന്ദ്രൻ കെ.നോവൽ സ്വരൂപം (സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1983), പു.28-9.

അവളുടെ മഹത്തായ സംസ്കാരം ഈ ആകാംക്ഷയാണ്.[9] അപനിർമാണത്തിന്റെ തത്വശാസ്ത്രത്തിൽ ഴാക്ദെറിദ സൂചിപ്പിക്കുന്നതിപ്രകാരം:

*നമ്മുടെ സംസ്കാരത്തിന്റെ സ്രോതസ്സായി എഴുത്തിനെ കാണുന്നു. എന്നാൽ എന്നും സംപ്രത്യയപരമായ ദമിതാവസ്ഥ (Conceptual repression) എഴുത്തിനെ മാറ്റി വെയ്ക്കുകയും മറച്ചു വെയ്ക്കുകയും ചെയ്യുന്നു.*[10]

ആശയങ്ങൾ നിഗൂഢവൽക്കരിക്കപ്പെടുന്ന ഈ ദമിതാവസ്ഥ സാഹിത്യപ്രസ്ഥാനത്തിന്റെ പൊരുളെഴുത്തിനെ ബാധിക്കുന്നു. സാഹിത്യം ജീവിതത്തിന്റെ കണ്ണാടിയാണ്. മറ്റുകലാരൂപങ്ങളെപ്പോലെ സാഹിത്യവും മനുഷ്യരുടെ ആഗ്രഹങ്ങൾ, അഭിപ്രായങ്ങൾ, ആദർശങ്ങൾ, ആശങ്കകൾ, നിരാശകൾ, പ്രകാശങ്ങൾ, മങ്ങലുകൾ, സുഖദുഃഖങ്ങൾ, എന്നിവയെല്ലാം പ്രദർശിപ്പിക്കുന്നു.[11] അതിനാൽ ജീവിതഗന്ധിയായ കലാപ്രസ്ഥാനം സാഹിത്യത്തിന്റെ എല്ലാ പ്രദർശനസാധ്യതകളേയും സംസ്കാരത്തിനനുഗുണമായി വർത്തിക്കുംവിധം അനുഭവങ്ങൾക്ക് പൂർണ്ണത കൈവരേണ്ടതുണ്ട്. മനുഷ്യന്റെ മഹത്തായ സംസ്കാരത്തിന്റെ സുപ്രധാനമായ രണ്ടുഘട്ടങ്ങളാണ് കലയുംശാസ്ത്രവും. കൂടുതൽ കെട്ടുറപ്പുള്ള സാമൂഹ്യജീവിതം നയിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതിതാണ്.

മനുഷ്യചരിത്രത്തിലെ ഇതുവരെയുള്ള ജീവിതാനുഭവങ്ങളെ വ്യക്തമാക്കാൻ മാനവകലകളിലൊന്നായ സാഹിത്യത്തിനു സാധ്യമാകുന്നു. യാഥാർത്ഥ്യത്തിന്റെ കലാരൂപമായ പ്രതിഫലനമാകുന്നു സർഗപ്രക്രിയ. കലാകാരൻ സാധാരണജീവിതത്തിന്റെ അടിത്തട്ടിലേക്ക് ചുഴിഞ്ഞിറങ്ങുകയും കാതലായ അംശങ്ങളെ വെളിച്ചത്തുകൊണ്ടുവരികയും നിഷേധാത്മകമായതിനെ അപഗ്രഥിച്ച് തള്ളിക്കളയുകയും പുതിതിനെ സമർത്ഥിക്കുകയും ചെയ്യുന്നത് ഈയൊരു ചരിത്രപരമായ സാഹിത്യപ്രക്രിയയിലൂടെയാണ്. അനുവാചകനും എഴുത്തുകാരനും തമ്മിലുള്ള ആത്മബന്ധമാണ് ഇവിടെ സംഭവിക്കുന്നത്. ഹെൻട്രിക് വാൺലൂൺ ഇങ്ങനെ പ്രകടിപ്പിച്ച ആശയം ഈ സാഫല്യമാണ്.[12]

9. "we need not ask what happend next, but to whom did it happen; the move list will appealing to our intelligence and imagination; not merely to our curiosity. A new emphasis enters his voice; emphasis upon value." Foster.E.M. Aspects of the Novel (E.D.Oliver Stally Brass), Penguin Publishers, London, 1990), P. 54.

10. പോക്കർ പി.കെ, ആധുനികോത്തരതയുടെ കേരളീയ പരിസരം (ലെഫ്റ്റ് ബുക്സ്, കോഴിക്കോട് യൂണിവേഴ്സിറ്റി, 1996), പു.87.

11. താരാചന്ദ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരചരിത്രം -വാല്യം 1 വിവ: രാമൻമേനോൻ പുത്തേഴത്ത് (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1966), പു.379.

12. "It takes a life-time to learn how to act or how to write a good novel. And

വിശുദ്ധമായ കല മനുഷ്യമനസ്സിനെ സഹജമായി ചലിപ്പിക്കുന്നു. കാലം, സമൂഹം എന്നിവയിൽനിന്ന് വേറിട്ട് ഒരു കലാകാരനോ സൃഷ്ടിക്കോ നിലനിൽക്കാനാവില്ല, ശാസ്ത്രത്തിന്റെ പരീക്ഷണനിരീക്ഷണനിഗമനങ്ങൾ കലയേയും നവീകരിക്കുന്നു. നന്മയിലും നീതിയിലുമധിഷ്ഠിതമായി കലയിലൂടെയും ശാസ്ത്രത്തിലൂടെയും മനുഷ്യക്രിയകൾക്ക് സാംഗത്യമേറുന്നു. കലയെക്കുറിച്ച് കാറൽ മാർക്സ് നിരീക്ഷിച്ചത് മാനവികമായി അന്തസ്സത്തയിൽ നിന്നാകുന്നു.[13]

ഇന്ന് മാനവശാഖയ്ക്ക് ഒറ്റപ്പെട്ടുനിൽക്കാൻ കഴിയാത്തവിധം അവയുടെ വിജ്ഞാനമണ്ഡലം അത്രയധികം സങ്കീർണമായിക്കഴിഞ്ഞിരിക്കുകയാണ്. ഭാഷയും സമൂഹവും തമ്മിലുള്ള ക്രിയാത്മകസംവേദനം സാഹിത്യകലയിലൂടെ നിർവ്വഹിക്കപ്പെടുമ്പോൾ അത് പൂർണമായ ഒരു ലോകക്രമം ഒരുക്കുകയാണ്. 'ഭാഷയും മനശ്ശാസ്ത്രവും' എന്ന പുസ്തകത്തിൽ പ്രഭാകരവാര്യർ എഴുതിയിരിക്കുന്നത് ഒരർത്ഥത്തിൽ ഭാഷാപദസമൂഹം ഭാഷാസമൂഹത്തിന്റെയും പ്രവർത്തനമണ്ഡലത്തിന്റെയും ആശയമണ്ഡലത്തിന്റെയും സമഗ്രപ്രതീകമാണെന്നാണ്.[14] അതുകൊണ്ട് ജീവിതത്തിൽ സഹകരണം സാധ്യമാക്കുന്ന മുഖ്യോപാധിയായ ഭാഷാപ്രയോഗം തീർത്തും ഒഴിവാക്കിയ ഒരു ജനസമൂഹത്തേയും ഇന്നുവരെ നരവംശശാസ്ത്രജ്ഞന്മാരോ ഭാഷാശാസ്ത്രജ്ഞന്മാരോ കണ്ടെത്തിയിട്ടില്ല.[15]

ചരിത്രമുഹൂർത്തങ്ങളുടെ ഈ പ്രയാണത്തിൽ ഭാഷയും സാഹിത്യവും ജീവിതത്തിന് ഉപോൽബലകമായി ആത്മാവിഷ്കാരസന്നദ്ധത സാധ്യമാക്കുകയാണ്. പെറുക്കിത്തീനിയായ അവൻ(ൾ) പിന്നീട് നായാട്ടിലൂടെ, കൃഷിയിലൂടെ, വ്യവസായത്തിലൂടെ വളർച്ചപ്രാപിച്ച് ഇന്ന്

---

it takes great deal of training on the part of the public to appreciate the best in painting and writing and sculpture."- Van Loon Hendrik -The story of Mankind-(George and Harrap and Co.Ltd., London, 1964), P.441.

13. "Speaking about art Marx observed that its development does not always correspond to the general development of society with the development of society's material basis, which is the skeleton, as it were, of society's organisation." - Progress Publishers - ABC of Dialectical and Historical Materialism. Tran: Lenina Ilitz Kaya (Progress Publishers, Moscow, 1976), P.387.

14. പ്രഭാകരവാര്യർ കെ.എം. ഡോ., ഭാഷയും മനശ്ശാസ്ത്രവും (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1978), പു.21.

15. പ്രബോധനചന്ദ്രൻ വി.ആർ. ഡോ., ലോകഭാഷകൾ—നാം ജീവിക്കുന്ന ലോകം-12 (ഡി.സി. ബുക്സ്, കോട്ടയം, 1987), പു.29.

ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും അതിപ്രസരത്തിൽ അന്തം വിട്ട് നിലകൊള്ളുന്ന ആധുനികസമൂഹത്തെ കാണുന്നു. മനുഷ്യവംശത്തെ പരിവർത്തനവിധേയമാക്കിയ കലാപങ്ങൾ മാനവികതയിലേക്ക് തുറക്കുന്ന വാതിലുകളായതുകൊണ്ടാണ് ചരിത്രം കലാപസാന്ദ്രമായ മനുഷ്യാനുഭവങ്ങളുടെ സമാഹാരമായി വിലയിരുത്തപ്പെടുന്നത്.[16]

ഈയൊരു ചരിത്രപശ്ചാത്തലത്തിലാണ് ആധുനികസമൂഹത്തെ ചരിത്രമനുഷ്യൻ കാണുന്നത്. കലയിലെ സാഹിത്യപ്രസ്ഥാനവും ആ നിലയ്ക്ക് കലാപസാന്ദ്രമാകുന്നത് മാനവികത പുലരാൻമാത്രം. മാനവികത മനുഷ്യാനുഭവങ്ങളുടെ കീർത്തിമുദ്രയാണ്. അത് ജനാധിപത്യത്തെ ഉയർത്തിപ്പിടിക്കുന്നു. സമാധാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് യഥാർത്ഥജനാധിപത്യമാണ്. ദൈവദത്തമായ അവകാശത്തിന്റെ പേരിലോ, ജന്മാവകാശത്തിന്റെ പേരിലോ സായുധമായ അധിനിവേശത്തിന്റെ പേരിലോ വാരിക്കൂട്ടിയ സ്വകാര്യസ്വത്തിന്റെ അടിസ്ഥാനത്തിലോ ആരും മറ്റൊരാളുടെ യജമാനനായി അവകാശപ്പെടുകയില്ല.[17] ജനാധിപത്യത്തിലൂന്നിയ മാനവികതയെ ഉയർത്തിപ്പിടിപ്പിക്കുന്ന, സാംസ്കാരികവും വൈജ്ഞാനികവും ദാർശനികവുമായ ഔന്നത്യം നേടിയ പച്ചമനുഷ്യരാണ് കഥാപാത്രങ്ങൾ.

### ചിന്തയ്ക്കും ഭാഷയ്ക്കും സാഹിത്യത്തിനും ജീവിതത്തിലുള്ള സമ്യക്ബന്ധം

ഭാഷ ആശയവിനിമയത്തിന്–സാഹിത്യം അനുകരണവും ആശയപ്രതിഫലനവും ആത്മാവിഷ്കാരവും ആനന്ദവുമെല്ലാമുൾച്ചേർന്ന മനുഷ്യന്റെ സഹിതഭാവം. ജീവിതം പ്രപഞ്ചവും പ്രകൃതിയും ചരിത്രവും സംസ്കാരവുമെല്ലാമടങ്ങിയ ഒരു പ്രതിഭാസം. ഭാഷയില്ലാതെ സാഹിത്യമില്ല. സാഹിത്യമില്ലാതെ ജീവിതമില്ല. ജീവിതമില്ലാതെ പ്രാപഞ്ചികനിയമങ്ങൾക്ക് പ്രസക്തിയുമില്ല. ഈ സമ്യക്കാവസ്ഥയാണ് ചിന്തിക്കുന്ന ഏതൊരുവനെയും ജൈവപരവും പ്രയോഗക്ഷമവുമായ മാനവനാക്കുന്നത്. മനുഷ്യാസ്തിത്വത്തിന്റെ സവിശേഷതയെ നിർണയിക്കുന്നത് ഭാഷണ (speach) വും, ക്രിയ (action) യുമാണ്. പരസ്പരാശ്രിതവും പരസ്പരസംബന്ധിതവുമായ മനുഷ്യലോകത്തെ (intersubjective world) സാധ്യമാക്കുന്നതുതന്നെ ഭാഷണമാണ്.... മനുഷ്യബഹുത്വത്തിന്റെയും

16. കൊച്ച് കെ.കെ., കലാപവും സംസ്കാരവും-10 -ാംപ. (നവമ്പർ ബുക്സ്, തൃശ്ശൂർ, 1989), പു.133.

17. കൊസാംബി ഡി.ഡി.തെരെഞ്ഞെടുത്ത പ്രബന്ധങ്ങൾ വിവ:ഭാസുരേന്ദ്രബാബു (ജനശക്തി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1990), പു.56.

ക്രിയയുടേയും ഭൂമികയിലാണ് രാഷ്ട്രീയവും ജനാധിപത്യവും ആവിഷ്കൃതമാകുന്നത്.[18] രാഷ്ട്രീയജനാധിപത്യത്തിലൂടെ സമൂർത്തമാകുന്ന മാനവികത എന്ന ആശയം ജീവിതപദ്ധതിയിലേക്കാരോപിക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്.

ജനജീവിതപഠനം മാനവികമായ പരിസരത്തേക്ക് കൊണ്ടുപോകുന്നത് ഈയൊരു ലക്ഷ്യം മുൻനിർത്തിയാണ്.[19] മാനവികവിനിമയം സാധ്യമാകുന്നത് സാഹിത്യത്തിന്റെ ഉദ്ദേശ്യശുദ്ധിയുടെ നിറവേറലാണ്. ലോകസാഹിത്യകാരനായ കസാൻദ് സാക്കീസ് 'ജീവിതവും രചനയും' എന്ന തന്റെ കൃതിയിൽ, യക്ഷിക്കഥകളെകൊണ്ട് മനസ്സുനിറക്കുകയല്ല അതിന്റെ ഉദ്ദേശ്യമെന്നും മനസ്സിനുള്ളിൽ ഇനിയും ബാക്കിയുള്ള പ്രകാശത്തെ ഉദ്ദീപിപ്പിക്കുകയും ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന സത്യത്തെ മറികടക്കുവാൻ അവനെ പ്രാപ്തനാക്കുകയും ചെയ്യുക എന്നുള്ളതാണതിന്റെ കടമയെന്നും പ്രതിപാദിക്കുന്നു.[20] ഈ കടമ അഥവാ കർമം നിറവേറുന്നത് സന്തുലിതമായ ഒരു ലോകത്താണ്. 'കവിതയുടെ ജാതകത്തിൽ' നിരൂപകനായ രാജശേഖരൻ പ്രിഷ്വിനെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു, പ്രകൃതിയുടെ ലോകത്തുനിന്നും മനുഷ്യകത്തിലേക്ക് തുറന്നിരിക്കുന്ന കവാടങ്ങൾ പോലെയാണ് കലയും ശാസ്ത്രവും; ശാസ്ത്രലോകത്തിലൂടെ പ്രകൃതി മനുഷ്യകത്തിലേയ്ക്കും, കലാലോകത്തുടെ മനുഷ്യൻ പ്രകൃതിയിലേയ്ക്കും കടക്കുന്നു[21] എന്നാണ്.

സാഹിത്യാത്മകമായ കലയും കലാധിഷ്ഠിതമായ ശാസ്ത്രവും മനുഷ്യജീവിതത്തിന്റെ പുരോഗതിയെ കുറിക്കുന്നു. മാനവികവിനിമയം സാധ്യമായ എല്ലാ തലങ്ങളിലും ഏതൊരു ബൂർഷ്വാകലയേയും ബൂർഷ്വാശാസ്ത്രത്തെയും മറികടന്ന് മനുഷ്യജീവിതത്തിന്റെ സമ്യക്കായ ഭാവതലങ്ങൾ ഭാഷയിലൂടെ രൂപമാർജ്ജിക്കുമ്പോൾ അതൊരു ജീവൽസാഹിത്യമായി മാറുകയാണ്. ധർമാധർമ്മങ്ങൾ, നന്മതിന്മകൾ എന്നിവയെക്കുറിച്ചുള്ള

18. രഘു ജെ., മാർക്സിസവും ആഗോളവൽക്കരണവും - സമീക്ഷ, മെയ്ദിന പതിപ്പ്, മെയ് 2000, പു. 71.

19. "The international nature of folklore studies leads to the cultivation of still other skills by the folklorist. One such skill or technique may be termed International Communications". Dorson M.Richard (Ed) Folklore and Folklife -An Introduction (University of Chicago, 1972), P.6.

20. സാക്കിസ് കസാൻദ്, ജീവിതവും രചനയും 2-ാംപ. (സമ്പാ: ഷെൽവി) (മൾബെറി ബുക്സ്, കോഴിക്കോട്, 1989), പു.153.

21. പ്രിഷ്വിൻ എം. നസാബുദ്കി, - Problems of Modern Aesthetics ഉദ്ധരണി— രാജശേഖരൻ എസ്., കവിതയുടെ ജാതകം 2-ാം പ. (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1984), പു.22.

ദേശകലാനുസാരിയായ സങ്കല്പങ്ങൾ ശാശ്വതമായി രേഖപ്പെടുത്തിയിട്ടുള്ളത് സാഹിത്യത്തിലാണ്.[22] കാലത്തിന്റെ കണ്ണാടിയായ സാഹിത്യത്തിൽ ആ നിലയ്ക്കുതന്നെ പ്രയോജനക്ഷമവും പ്രയോഗികതനിറഞ്ഞതുമായ പ്രചോദനക്ഷമത വായനക്കാരിൽ ഉളവാക്കുവാൻ കഴിയും. പ്രയോജനമുള്ള കാര്യങ്ങൾക്കാണ് പ്രധാനമായും ആദ്യകാലത്ത് കല ഉപയോഗിച്ചു വന്നിരുന്നത്.[23] ജെയിംസ് എഡ്ഗാർ സ്വെയിൻ ലോകനാഗരികതയുടെ ചരിത്രത്തിൽ കലയുടെ ഉപയുക്തതയെക്കുറിച്ച് പരാമർശിക്കുമ്പോൾ സാഹിത്യകലയുടെ പ്രയോജനക്ഷമത കൂടുതൽ മനസ്സിലാകുന്നു. കാരണം സാമൂഹികമായൊരു വികാരത്തിന്റെ അടിസ്ഥാനമാധ്യമമായ പദത്തിന് കാലത്തിലും കാലാന്തരത്തിലും അർത്ഥതലങ്ങൾ കൈവരുന്നതിനാൽ സാഹിത്യകലയുടെ ഈ നൈരന്തര്യം ഇതരകലകൾക്കും പ്രചോദനമേകുന്നു. സമൂഹത്തിന്റെ ചാലകശക്തിയാണത്. The Silent Language എന്ന ലേഖനത്തിന്റെ തുടക്കത്തിൽ കാലത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ വാക്കുകൾക്ക് നുണപറയേണ്ട ഗതി വരുന്നില്ലെന്നോർമിപ്പിക്കുന്നു.[24] സാഹിത്യത്തിൽ സത്യസന്ധത നിലനിർത്താൻ കാലം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിന്റെ സൂചനയാണിത്.[25]

22. ലീലാവതി എം. ഡോ., നവതരംഗം 2-ാംപ. (പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1984), പു.220.

23. ജെയിംസ് എഡ്ഗാർ സ്വയിൻ, ലോകനാഗരികതയുടെ ചരിത്രം. വിവ: ശങ്കരവാര്യർ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1995), പു.52.

24. "Time talks. It speaks more plainly than words. It can shout the truth where words lie". Nowonthy Helga. Time–The modern and postmodern experience. Tran: by Plaice Neville. P6.

25. പോൾ എം.പി., സാഹിത്യിചാരം പ.പ.(സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1969), പു.126.